കേരള സർക്കാർ

# മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

# 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.4)2204/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 24.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

പകർപ്പ് :
1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.4)2204/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 24.12.2016

## എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു ,<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.2016 മുതൽ 21.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷേർളി പീറ്റർ ,<br>ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | |
| | ശ്രീ.ഗോപകുമാർ എം.എസ് ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പുഷ്പ ആർ ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. കവിത എസ്. കണ്ണൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സിൽവി ജോസ് | 01.04.2015 മുതൽ .31.10.2015 വരെ |
| | അഡ്മിനസ്ട്രേറ്റീവ് കമ്മിറ്റി | 1.11.2015മുതൽ 11.11.2015വരെ |
| | ശ്രീ.ചെറിയാൻ തോമസ് | 12.11.2015മുതൽ 31.03.2016 |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ബെനഡിക്ട് ആന്റണി | 01.04.2015 മുതൽ<br>1.8.2015(FN)വരെ |
| | ശ്രീ. രാധാകൃഷ്ണൻ ടി.പി | 1.8.2015(AN) മുതൽ 31.03.2016<br>വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്ററന്റ് സെക്രട്ടറി | ശ്രീ. പി.സി വിൽസൺ | 01.04.2015 മുതൽ<br>31.03.2016 വരെ |
| വി.ഇ.ഒ. | സുധ.എം.എ | 01.04.2015 മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അമീറ ബീഗംഎ. | 01.04.2015മുതൽ<br>31.03.2016 വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ<br>വൈസർ | ശ്രീമതി.വൽസാമണി | 01.04.2015 മുതൽ<br>07.08.2015 വരെ |
| | ശ്രീമതി.റഹിനത്ത് ബീവി | 08.08.2015 മുതൽ<br>22.02.2016 വരെ |
| | ശ്രീമതി. ശ്രീമതി കെ.ജി | 23.02.2016 മുതൽ<br>31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.രാധികഹരികുമാർ | 01.04.2015 മുതൽ<br>31.07.2015 വരെ |
| | ശ്രീമതി.സി.സി ലിസ്സി | 01.08.2015മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. സിമുല പി.ജോർജ് | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.സലിമഅബ്ദുൾസലാം | 01.04.2015മുതൽ 31.04.2015 വരെ |
| | ഡോ. അഖില കെ.പി | 01.07.2015മുതൽ 27.12.2015 വരെ |
| | ഡോ.സലിമഅബ്ദുൾസലാം | 28.12.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. കെ.പി ആനന്ദ് | 01.04.2015 മുതൽ 31.03.2016 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.കെ.എസ് മിനി | 01.04.2015മുതൽ 31.03.2016 വരെ |
| എച്ച്.എം ഗവ,എൽപി.എസ്. | ശ്രീമതി.ലതാ എബ്രഹാം | 01.04.2015മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സജീവ് കുമാർ പി.ആർ | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ. | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |

| | | | |
|---|---|---|---|
| | ഭാഗം 2 | | |
| 13 | വസ്തുനികുതി അസസ് ചെയ്തു - 2074/-രൂപ നഷ്ടം | 2-1 | |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല. | 2-2 | |
| | ഭാഗം 3 | | |
| 15 | തെരുവുവിളക്കുകൾക്ക് മീറ്റർ -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-1 | |
| 16 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 3-2 | |
| 17 | ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല-കേന്ദ്രസർക്കാരിന് നഷ്ടം-957/-രൂപ | 3-3 | |
| 18 | കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം-ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 | |
| 19 | CPWD ഡാറ്റായിൽ ഇല്ലാത്ത ഇനങ്ങൾ – അധിക നിരക്ക് | 3-5 | |
| 20 | തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജിനത്തിലെ അധികചെലവ് നിയന്ത്രിക്കേണ്ടതാണ്. | 3-6 | |
| | ഭാഗം 4 | | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 26 | ഓഡിറ്റ് റിക്കവറി | 4-6 | |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2015-16) | അനുബന്ധം1 | |
| 31 | ബാലൻസ് ഷീറ്റ് (2015-16) | അനുബന്ധം2 | |
| 32 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2015-16) | അനുബന്ധം3 | |
| 33 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2015-16) | അനുബന്ധം4 | |

.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 28.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| വരവ് | 12,76,63,500 | 3,96,41,774 | 8,80,21,726 | 68.94% |
| ചെലവ് | 11,61,23,583 | 5,46,95,656 | 6,14,27,927 | 52.9% |

പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ 50%-ൽ അധികമാണ് വ്യത്യാസം. സാമൂഹ്യസുരക്ഷിതത്വ പെൻഷനുകളുടെ വരവ് -ചെലവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് – ചെലവും ഉൾപ്പെടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിത വരവ് – ചെലവ് കണക്കാക്കുന്നത്. എന്നാൽ സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.റ്റി. (ഡയരക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) പ്രകാരവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഇ.എഫ്.എം.എസ് വഴിയും ആയതിനാൽ ആയവയുടെ കണക്കുകൾ യഥാർത്ഥ വരവ്-ചെലവ് കണക്കാക്കുമ്പോൾ വാർഷികധനകാര്യപത്രികയുടെ ഭാഗമായി വരുന്നില്ല. പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിലുള്ള ഗണ്യമായ വ്യത്യാസത്തിന് ഒരു കാരണം ഇതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരി ഹരിക്കാൻ തിരി ച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 19.07.2016 | ബാധകമല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. അപാകതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം ഒന്ന് ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,88,53,428 |
| വരവ് | 3,96,41,774 |
| ആകെ | 5,84,95,202 |
| ചെലവ് | 5,46,95,656 |
| നീക്കിബാക്കി | 37,99,546 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് വരവ് തുക | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 29,77,021 | 51,72,404 | 1,15,000 | 82,64,425 | 82,64,425 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 7,22,423 | 0 | 20,20,000 | 27,42,423 | 20,43,131 | 6,99,292 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 2,400 | 0 | 0 | 2400 | 0 | 2400 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 60,30,091 | 0 | 19,909,371 | 2,59,39,462 | 2,59,39,462 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 6,77,082 | 0 | 10,17,586 | 16,94,668 | 16,94,668 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 20,77,403 | 0 | 42,04,900 | 62,82,303 | 35,60541 | 27,21,762 | 0 |
| ലോക ബാങ്ക് സഹായം | 17,48,950 | | 14,65,724 | 32,14,674 | 14,65,724 | 17,48,950 | 0 |
| MG NREGS | 2,655 | 80,33,151 (EFMS) | 4,40,552 | 84,76,358 | 440262 | 80,35,806 | 290 |
| ബി ഫണ്ട് | 0 | 2,33,32,114 | | 2,33,32,114 | 2,33,32,114 | 0 | 0 |

11.12.2015-ൽ എസ്.സി.പി, ടി.എസ്.പി, ധനകാര്യകമ്മീഷൻ അവാർഡ്, ലോകബാങ്ക് വിഹിതം എന്നീ ഇനങ്ങളിൽ ബാക്കി നിന്നിരുന്ന യഥാക്രമം 6,99,292/-, 2400/-, 27,21, 762/-, 17,48,950/- എന്നിവയുടെ ആകെ തുകയായ 51,72,404/- രൂപ വികസനഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. ഈ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയും, 01.04.2015-ലെ മുന്നിരിപ്പ് 29,77,021/-രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 1,15,000/- രൂപയും ഉൾപ്പെടെ 82,64,425/- രൂപ 2015-16 വർഷം ചെലവായി. 12/2015 മുതൽ 31.03.2016- വരെ യഥാർത്ഥത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ചെലവൊന്നും തന്നെ വന്നില്ല എന്നത് പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. 31.03.2016 -ൽ ഈ അക്കൗണ്ടുകളുടെയെല്ലാം നീക്കിബാക്കി ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 6,56,94,545 | 128 | 4,45,49,537 | 7 | 14 | 90.60% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ

2) സ്വയംതൊഴിൽസംരംഭകർക്ക് ഓട്ടോറിക്ഷ

3) പട്ടികവർഗ്ഗക്കാർക്ക് ഹോസ്റ്റൽ നിർമ്മാണം

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.84%ശതമാനം കുറവാണുണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 28,49,758 | 31,54,932 | (+)3,05,174 | (+)10.71% |
| നികുതിയേതര വരവുകൾ | 13,03,832 | 7,92,808 | (-)5,11,024 | (-)39.19% |
| മറ്റുവരവുകൾ | 28,121 | 31,576 | (+)3,455 | (+)12.29% |
| ആകെ | 41,81,711 | 39,79,316 | (-) 2,02,395 | (-)4.84% |

പഞ്ചായത്തിന്റെ മൊത്തം തനത് വരുമാനത്തിൽ 4.84% കുറവ് കാണിക്കുന്നതിന് കാരണം നികുതിയേതര- വരുമാനത്തിൻ കുറവ് വന്നത് കൊണ്ടാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വരും വർഷങ്ങളിൽ നികുതി-നികുതിയേതര വരുമാനത്തിൽ പുരോഗതി കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16,680 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 11,37,750 | 133 |
| വിധവാപെൻഷൻ | 78,16,400 | 735 |
| വാർദ്ധക്യകാലപെൻഷൻ | 1,08,55,260 | 1339 |
| വികലാംഗപെൻഷൻ | 24,30,260 | 236 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,21,680 | 53 |
| വിവാഹ ധനസഹായം | 2,10,000 | 7 |

സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.റ്റി.(ഡയരക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നല്കിവരുന്നത്.

## 1-9 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

പേഴ്സണൽ രജിസ്റ്റർ : തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്. ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ, , ആസ്തി രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. പരാതി രജിസ്ററർ എഴുതി പരിപാലിക്കുന്നതായി കാണുന്നില്ല.
പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉള്ള രജിസ്ററർ, തെരുവുവിളക്കുകളുടെ രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.12.2016 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8483/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ട വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 205 | 1 | 2164 | 2370 | 1142 | 974 | 3074 | 0 | 29866 | 32940 | 19 |

| മുന്നിരിപ്പ് | തൻവർഷവരവ് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|

| | | | | വരവ് | | | | യിരിപ്പ് |
|---|---|---|---|---|---|---|---|---|
| | EFMS | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | | EFMS | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | |
| 2,655 | 80,33,151 | 4,40,552 | 84,73,703 | 84,76,358 | 80,35,806 | 440262 | 84,76,068 | 290 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 300 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 274 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.12.2016 | 2016 നവംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2014 | 2008-09 മുതൽ 2012-13 | 29.02.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി അസസ് ചെയ്തതിൽ കുറവ്

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് പഞ്ചായത്ത് 30.9.11 ൽ പുറപ്പെടുവിച്ച എ3-4581/11നമ്പർ വിജ്ഞാപന പ്രകാരം ഇതര വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 50/-രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തുനികുതി വിജ്ഞാപന പ്രകാരമുള്ളതിനേക്കാൾ കുറവായാണ് 2015-16 വർഷം നിർണ്ണയിച്ചിട്ടുള്ളത്. 20.12.16 ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചുവെങ്കിലും ആയത് അംഗീകരിക്കാവുന്നതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വസ്തുനികുതിയിനത്തിൽ നഷ്ടമായ 2074/- രൂപ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

| | |
|---|---|
| വാർഡ്/കെട്ടിട നം | 7/409 A |
| കെട്ടിടയുടമയുടെ പേര് , അസസ് മെന്റ് വർഷം | ജൊരാർദ് ജോർജ്, തിരുതനത്തിൽ . 2013 (18.1.16ൽ ഉടമസ്ഥാവകാശം ഏലിയാസ് പൈനാടത്ത് എന്നയാൾക്ക് കൈമാറിയിട്ടുണ്ട്.) |
| കെട്ടിടത്തിന്റെ ഉപയോഗം തറവിസ്തീർണം | ഇതര വ്യവസായം (D & O license no 134/15-16) 207.48 ച.മീ |
| നിർണയിക്കേണ്ടിയിരുന്ന വാർഷിക വസ്തുനികുതി (20% വർദ്ധനവിനം {വഴിസൗകര്യം} | 10,374/- |

| | |
|---|---|
| (20% ഇളവിനും {മേഖല,മേൽക്കൂര}ശേഷം) 207.48*50+20%-20% | |
| നിർണയിച്ച വാർഷിക വസ്തുനികുതി (20% വർദ്ധനവിനും {വഴിസൗകര്യം} (20% ഇളവിനും {മേഖല,മേൽക്കൂര}ശേഷം) 207.48*50-20% | 8299/- (8300/-) |
| കുറവ് (10374-8300) | 2074/- |

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നാല് മൊബൈൽ ടവറുകളുടെ വസ്തുനികുതി 2015-16 വർഷം ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 1 – തീയതി 16.12.2016) മറുപടി നൽകിയിട്ടില്ല. ടവറുകളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു. പിഴപ്പലിശ സഹിതം കെട്ടിടയുടമകളിൽ നിന്നും വസ്തുനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം | വാർഡ്.നം കെട്ടിട.നം | ടവറിന്റെ പേര് തറവിസ്തീർണം (ച.മീറ്ററിന് 500/-) | അടിസ്ഥാന വസ്തുനികുതി | ഇളവ്/ വർദ്ധനവിനു ശേഷം ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | 5/5 | റിലയൻസ്,9sq.m | 4500/- | 4950/-(20% വർദ്ധനവ്, വഴിസൗകര്യം) |
| 2 | 7/81 | ഐഡിയ, 12sq.m | 6000/- | 7200/-(20% വർദ്ധനവ്, വഴിസൗകര്യം) |
| 3 | 11/274 | ഭാരതി, 15sq.m | 7500/- | 7500/- |
| 4 | 11/277 | ടവർ വിഷൻ,15sq.m | 7500/- | 7500/- |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്കുകൾക്ക് മീറ്റർ -ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട്നമ്പർ, പേര് | 124/16, തെരുവുവിളക്കുകൾക്ക് മീറ്റർ |
| ആകെ അടങ്കൽ | 450000/-(ധനകാര്യക്കമ്മീഷൻ വിഹിതം) |

| | |
|---|---|
| ചെലവ് വിവരം | 450000/- |
| | ഡിമാന്റ് ഡ്രാഫ്റ്റ് നം. – 75974/5.4.16 |
| | ട്രഷറി ബിൽ നം. – 33/15-16 |
| | KSEB രസീത് നം.– 464280/26.5.16 |

പശ്ചാത്തല വികസനത്തിൽപ്പെടുത്തി മഞ്ചപ്ര ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാനായി ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രോജക്ടിൽ എത്ര തെരുവുവിളക്കുകൾക്കാണ് മീറ്റർ സ്ഥാപിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ല. തുക നൽകുന്നതിനു മുമ്പ് കെ എസ് ഇ ബി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. പകരം മീറ്ററിംഗ് ഉപകരണങ്ങൾ സ്ഥാപിക്കണമെന്ന കെ എസ് ഇ ബി എക്സി.എഞ്ചിനീയറുടെ 21.3.16 ലെ AS.no – 71/15-16, DB1 –15/ 15-16/527 നമ്പർ നടപടി ക്രമമാണുള്ളത്. തുക നൽകിയിരിക്കുന്നത് 5.4.16 ലാണെങ്കിലും നാളിതു വരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി. 19.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരേക്ക് ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-2 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -അധികം നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട്നമ്പർ,പേര് | 11/15-16 - സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | |
| ആകെ അടങ്കൽ | 1,00,000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്)) | |
| ചെലവ് വിവരം | 1,00,000/- | |
| | ട്രഷറി ബിൽ.നം.-29/15-16<br>തീയതി : 29.03.2016<br>തുക- 96680/- | |
| | 93600/- | 9001014/13.4.16 |
| | 2920/- | 047122/5.4.16 |
| | 160/- | 047006/5.4.16 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിലെ അപാകതകൾ താഴെപ്പറയുന്നു.

1. ടെണ്ടർ പ്രസിദ്ധീകരിച്ച പത്രത്തിന്റെ പകർപ്പ് മാത്രമാണ് ഫയലിലുള്ളത്. ഏത് പത്രം, പരസ്യം പ്രസിദ്ധീകരിച്ച തീയതി എന്നിവ വ്യക്തമാക്കേണ്ടതാണ്.

2. പ്രോജക്ടിൽ 130 CFC വിളക്കുകളെന്നും പരസ്യത്തിൽ 100 CFC വിളക്കുകളെന്നുമാണ് പറഞ്ഞിരിക്കുന്നത്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

3. ടെണ്ടർ നോട്ടീസിൽ 100 CFC തെരുവുവിളക്കുകൾ വിതരണം ചെയ്ത് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിന് KSEB യിൽ സൂപ്പർവിഷൻ ചാർജ് അടയ്ക്കുന്നതിനുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. എനർജി മാനേജ്മെന്റ് അംഗീകരിച്ച സ്പെസിഫിക്കേഷൻ

ബാധകമാണോയെന്ന് പ്രത്യേകം പരാമർശിക്കേണ്ടതാണ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലഭിച്ച രണ്ട് ക്വട്ടേഷനുകളിൽ അംഗീകരിച്ച Economic Energy Solution, പെരുമ്പാവൂർ എന്ന സ്ഥാപനം Energy Management Specification അംഗീകാരം സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4. 78 CFC തെരുവുവിളക്കുകൾ സ്ഥാപിച്ചയിനത്തിൽ 93600/-രൂപ (ചെക്ക്.നം..900014/13.4.16) നൽകിയിട്ടുണ്ട്. ഇതിൽ വിളക്കൊന്നിന് 100/- രൂപ വച്ച് KSEB ഇൻസ്റ്റലേഷൻ ചാർജ് 7800/-രൂപയും നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ തുക കരാറുകാരൻ അടയ്ക്കേണ്ടതാണ്. എന്നാൽ KSEB യിൽ അടച്ചതായുള്ള രസീത് ഹാജരാക്കിയിട്ടില്ല. പിന്നീട് പഞ്ചായത്ത് നേരിട്ട് 77 വിളക്കുകൾക്കുള്ള സൂപ്പർവിഷൻ ചാർജ് 40/- രൂപ നിരക്കിൽ 73 എണ്ണത്തിന്റേത് KSEB മഞ്ഞപ്രയിലും, 4 എണ്ണത്തിന്റേത് KSEB തുറവൂരും ഉൾപ്പെടെ ആകെ 3080/- (2920+160) രൂപ അടച്ചിട്ടുണ്ട് .

5. KSEB സൂപ്പർവിഷൻ രസീത് പ്രകാരം 77 വിളക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. കരാറുകാരന് 78 വിളക്കുകളുടെ വില നൽകിയതിൽ നിന്ന് ഒരു വിളക്കിന്റെ വില തിരികെ ഈടാക്കിയിട്ടില്ല.
മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10 തീയതി. 20.12.16) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികമായി നല്കിയ 8,900/- (7800+1100) രൂപ കരാറുകാരനിൽ നിന്നോ, നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല- കേന്ദ്രസർക്കാരിന് നഷ്ടം-957/-രൂ.

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിലെ നിർവഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവഹണം നടത്തുന്ന പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി രോഗികളുടെ ഗൃഹസമ്പർക്കവുമായി ബന്ധപ്പെട്ട് KL 63A 9265 എന്ന നമ്പർ ഓട്ടോ ഉപയോഗിച്ച വകയിൽ ഉടമയായ സി.ഡി. വർഗീസിന് 2015-16 വർഷത്തിൽ 4/15 മുതൽ 11/15വരെ 62765/- രൂപ ക്യാഷായും 12/15,1/16 മാസങ്ങളിൽ 16900/-രൂപയും (DD.No – 072887/24.2.16) 2/16,3/16 മാസങ്ങളിൽ 16055/- രൂപയും (DD.No – 075325/31.3.16) ഉൾപ്പെടെ ആകെ 95720/-രൂപ നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ട് കോൺട്രാക്ടർക്ക് പ്രതി വർഷം 75000/-രൂപക്ക് മുകളിൽ വരുമാനമുണ്ടെങ്കിൽ Income Tax Act 1940 പ്രകാരം 1% ആദായനികുതി ഈടാക്കേണ്ടതാണ്. നിയമ പ്രകാരം ടിയാനിൽ നിന്നും 957/-രൂപ ( 95720*1%) ഈടാക്കി ആദായനികുതി വകുപ്പിൽ അടച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 12 21.12.16) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി വിതരണം-ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ | S0153/16 |
| പദ്ധതിയുടെ പേര് | കുടുംബശ്രീ യൂണിറ്റുകൾക്ക് മുട്ടക്കോഴി |

| | |
|---|---|
| | വിതരണം |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ മുകളിൽ ചേർത്തിട്ടുള്ള പദ്ധതിയിൽ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറിയിൽ നിന്നും 90/- രൂപ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 10 പേർ വീതമുള്ള 48 കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരാൾക്ക് 6 കോഴി വീതം നൽകാനും സബ്സിഡി ഒരാൾക്ക് 6 എണ്ണത്തിന് 67.50/- രൂപ വീതം 405/- രൂപ നൽകാനും ഗുണഭോക്തൃവിഹിതം ഒരാൾക്ക് 6 എണ്ണത്തിന് രൂപ 22.50/-വീതം 135/- രൂപ നൽകാനും തീരുമാനിച്ചു. വിൽപ്പന നികുതി നൽകേണ്ടതില്ലാത്ത നഴ്സറിയിൽ നിന്നാണ് കോഴിയെ വാങ്ങുന്നത്. വിൽപ്പന നികുതി നൽകേണ്ടി വന്നാൽ അത് ഗുണഭോക്താവ് നൽകേണ്ടതും പ്രോജക്റ്റിൽ അതിനുള്ള തുക ഗുണഭോക്തൃവിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണെന്ന് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു.

ഇത് പ്രകാരം വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നടപടിക്രമം നം ബി2.4584/C5 /പ്ലാനിംഗ് തീയതി. 28.12.2005 പ്രകാരം അംഗീകരിച്ചിട്ടുള്ള വയനാട് ജില്ലയിലെ കണിയാംപറ്റ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ശ്രീ പി.ഒ.താഹിർ എന്നയാളുടെ എഗ്ഗർ നഴ്സറിയിൽ നിന്നും വാങ്ങുവാൻ തീരുമാനിച്ചു. എന്നാൽ തുക നൽകിയിരിക്കുന്നത് S&T Poultry Farm, അമ്പലക്കുന്ന്, പള്ളിക്കുന്ന് പി.ഒ വയനാടിനാണ്.(DD.No 074259/22.3.16 – 174150/- SBT അങ്കമാലി DD.No 286900/22.3.16 – 91719/-EDCB കാലടി)

മൃഗസംരക്ഷണ ഓഫീസറുടെ അംഗീകാരം ലഭിച്ചിട്ടുള്ള ശ്രീ പി.ഒ.താഹിർ എന്നയാളുടെ കണിയാംപറ്റ ഗ്രാമപഞ്ചായത്തിൽ ഉള്ള എഗ്ഗർ നഴ്സറി തന്നെയാണോ ഡിഡി നൽകിയിട്ടുള്ള S&T Poultry Farm, എന്ന വ്യക്തമാക്കുവാൻ താൽപ്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മാത്രമല്ല 90/-രൂപ വിലയുള്ള കോഴിയുടെ 75%(67.5/-രൂപ ഒരു കോഴിക്ക് സബ്സിഡിയും, 25% (22.5/-രൂപ ഒരു കോഴിക്ക് ഗുണഭോക്തൃവിഹിതവും ആണെന്നിരിക്കെ വിൽപ്പന നികുതി ഗുണഭോക്താവിൽ നിന്ന് ഈടാക്കിയാൽ 22.5/- രൂപക്ക് പകരം 35.5/-രൂപ ഒരു കോഴിക്ക് എന്ന നിരക്കിൽ ഗുണഭോക്താവ് നൽകേണ്ടി വരുന്നു. ഗുണഭോക്താവിന് നൽകുന്ന ആനുകൂല്യത്തിൽ നിന്നും വിൽപ്പന നികുതി ഈടാക്കുന്നത് ഉചിതമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13, തീയതി 20.12.16 മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഇനത്തിലുള്ള ചെലവ് തുകയായ 266169/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 CPWD ഡാറ്റായിൽ ഇല്ലാത്ത ഇനങ്ങൾ -അധിക നിരക്ക്

മഞ്ഞപ്ര ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നടപ്പാക്കിയ റീടാറിംഗ് പ്രവൃത്തികളിൽ 53mm to 22.4mm മെറ്റൽ ഉപയോഗിച്ചുള്ള ബിറ്റുമെൻ ലെവലിംഗ് കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിനും, പ്രവൃത്തിക്കും താഴെപ്പറയുന്ന നിരക്കിൽ തുക നല്കിയിട്ടുണ്ട്.

| ഇനം | നല്കിയിരിക്കുന്ന നിരക്ക് | |
|---|---|---|
| | കരാറുകാരന് | കൺവീനർക്ക് |
| Supplying & stacking 53mm to 22.4 mm metal | 1882.70/m3 | 1637.10/m3 |

| | | |
|---|---|---|
| Bitumen levelling course | 2227.30/m3 | 1928.60/m3 |

എന്നാൽ 2014 CPWD ഡാറ്റയിൽ Penetration Meccadam Over prepared base എന്ന ലെവലിംഗ് കോഴ്സിനത്തിൽ മെറ്റൽ സ്റ്റാക്ക് ചെയ്യുന്നതിന് പ്രത്യേകനിരക്ക് കൊടുക്കുന്നില്ല. CPWD ഡാറ്റായിൽ ഇല്ലാത്ത ബിറ്റുമെൻ ലെവലിംഗ് കോഴ്സിനും, മെറ്റൽ സ്റ്റാക്കിംഗിനും നിരക്ക് കണക്കാക്കി തുക നല്കിയതെങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.

| ക്രമ നം. | പ്രൊ.നം- പ്രൊജക്ടിന്റെ പേര് | കൺവീനറുടെ പേര്/ കരാറുകാരന്റെ പേര് എം.ബുക്ക് നമ്പർ | ആകെ പ്രവൃത്തി മൂല്യം | പ്രവൃത്തിയിനം/നം. | ചെയ്ത പ്രവൃത്തിയുടെ അളവ്/ നിരക്ക് | നല്കിയ തുക | ആകെ നല്കിയ തുക | ചെലവിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | തട്ടാൻപടി - മില്ലുംപടി റോഡ് റീടാറിംഗ് S088/16 | പി.രമേശൻ കരാറുകാരൻ 71/15-16 | 12,00,000 | 1. S/s 53mm to 22.4 mm metal | 23m3 @1882.70/m3 | 43,302 | 995958/- | ട്രഷറി ബിൽ നം. 91/16 22/3/16 |
| 2 | സ്റ്റേഡിയം റോഡ് റീടാറിംഗ് S083/16 | വിലാസിനി കുട്ടൻ കൺവീനർ 31/15-16 | 3,70,789 | 1. S/s 53mm to 22.4 mm metal | 3m3 @1637.10/m3 | 4911 | 327036/- 118806/- | 071740/ 22.12.15 074021/ 19.3.16 |
| 3 | ചന്ദ്രപ്പുര- കരിങ്ങേൻപുരം കനാൽ ബണ്ട് റോഡ് റീടാറിംഗ് S075/16 | പി.ഒ ജോസ് കൺവീനർ 68/15-16 | 3,59,058 | 1. S/s 53mm to 22.4 mm metal | 6.514m3 @1637.10/m3 | 10,664 | 363867/- | 075287/ 31.3.16 |
| 4 | സെമിത്തേരി ഇടതുകര റോഡ് റീടാറിംഗ് S0108/16 | ടിന്റോ കുര്യൻ കൺവീനർ 60/15-16 | 4,80,000 | 1. S/s 53mm to 22.4 mm metal | 21m3 @1637.10/m3 | 34,379 | 437095/- | 074022/ 19.3.16 |
| 5 | ചന്ദ്രപ്പുര- കാർപ്പിള്ളി റോഡ് റീടാറിംഗ് S078/16 | കെ.സി. പാപ്പച്ചൻ കൺവീനർ 69/15-16 | 4,50,000 | 1. S/s 53mm to 22.4 mm metal | 13.129m3 @1637.10/m3 | 21,494 | 418799/- | 017014/ 6.4.16 |
| 6 | തവളപ്പാറ-വനം റോഡ് റീടാറിംഗ് | എം.ജെ. വർഗ്ഗീസ് | 5,55,000 | 1. S/s 53mm to | 17.007m3 @1882.70/m3 | 32,019 | 455976/- | 074029/ 19.3.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | S0102/16 | കരാറുകാരൻ 59/15-16 | | 22.4 mm metal | | | | |
| 7 | തവളപ്പാറ-കാടത്ത് കലുങ്ക് കനാൽ ബണ്ട് റോഡ് റീടാറിംഗ് S0103/16 | പി.രമേശൻ കരാറുകാരൻ 61/15-16 | 5,75,000 | 1. S/s 53mm to 22.4 mm metal | 17.156m3 @1882.70/m3 | 32,300 | 499696 | 074030/ 19.3.16 |
| 8 | നടമുറി സബ്സെന്റർറോഡ് റീടാറിംഗ് S099/16 | ജോസ് കെ.പി കരാറുകാരൻ 51/15-16 | 9,50,000 | 1. S/s 53mm to 22.4 mm metal | 32.84 m3 @1882.70/m3 | 61,828 | 654051 45424 | 074185/ 21.3.16 075260/ 31.3.16 |
| 9 | വടക്കുംഭാഗം-നടമുറി കനാൽ ബണ്ട് റോഡ് റീടാറിംഗ് S0100/16 | ജോസ് കെ.പി കരാറുകാരൻ 54/15-16 | 7,50,000 | 1. S/s 53mm to 22.4 mm metal | 24m3 @1882.70/m3 | 45185 | 547586 | 074026/ 19.3.16 |
| 10 | പള്ളിപ്പാടം -മരിയാപുരം റോഡ് റീടാറിംഗ് S0174/16 | ടി.ഡി സെബാസ്റ്റിൻ, കൺവീനർ 63/15-16 | 3,58,000 | 1. S/s 53mm to 22.4 mm metal | 6.789m3 @1637.10/m3 | 11114 | 303171 | 075293/ 31.3.16 |

മറുപടി തൃപ്തികരമല്ലാത്തതിനാൽ മേൽപ്പറഞ്ഞ വിവിധ പ്രവൃത്തികളിൽ CPWD ഡാറ്റായിൽ ഉൾപ്പെടാത്ത ഇനമായ മെറ്റൽ സ്റ്റാക്കിംഗിന് നല്കിയ 2,97,195/- രൂപ/- തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജിനത്തിലെ അധികചെലവ് നിയന്ത്രിക്കേണ്ടതാണ്.

പൗരാവകാശരേഖ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി 8 ച.കി.മീ. ആണ്. ഈ പഞ്ചായത്തിൽ പ്രതിമാസം 65507/-രൂപ വീതം 2015-16-ൽ 786084/- രൂപ വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കുന്നുണ്ട്. KSEB നല്കിയ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം (കൺസ്യൂമർ നം. 759) തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാട്ട്സ് | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 251 | 61 | 15311 |
| ഫ്ലൂറസെന്റ് ട്യൂബ് ഡബിൾ | 40w x2 | 265 | 124 | 32860 |
| സോഡിയം വേപ്പർലാമ്പ് | 125 | 7 | 206 | 1442 |
| സോഡിയം വേപ്പർലാമ്പ് | 250 | 1 | 414 | 414 |
| മെർക്കുറി | 125 | 1 | 206 | 206 |
| സി.എഫ്.എൽ (ഡബിൾ) | 11w x2 | 1091 | 14 | 15274 |
| ആകെ | | 1616 | | 65507 |

2015-16 -ൽ പ്രൊ.നം.എസ് 011/16പ്രകാരം 78 (11w x2) സി.എഫ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലെ നിരക്ക് പ്രകാരം ഈയിനത്തിൽ പ്രതിമാസം 1092/- (78 x14) 2016-17മുതൽ അധികച്ചെലവ് വരുന്നുണ്ട്. നിലവിൽ വിവിധ ഇനങ്ങളിലായി 1694 തെരുവുവിളക്കുകളുണ്ട്. ഇതിൽ എത്ര എണ്ണം പ്രവൃത്തിക്കുന്നുണ്ടെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. തെരുവുവിളക്കുകൾ

പോലുള്ള സേവനങ്ങൾ നല്കുക പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽപ്പെടുന്നതാണെങ്കിലും ഓരോ വർഷവും പ്രൊജക്ടുകൾ മുഖേന പുതുതായി തെരുവുവിളക്കുകൾ സ്ഥാപിക്കുമ്പോൾ ഈയിനത്തിൽ ചെലവ് വർദ്ധിക്കുകയും, തനതുവരുമാനത്തിൽ കാര്യമായ വർദ്ധനവില്ലാത്ത പഞ്ചായത്തിന് അധികബാദ്ധ്യതയുണ്ടാവുകയും ചെയ്യുന്നുണ്ട്. KSEB-യുമായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി പ്രവർത്തനസജ്ജമായ തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തി തെരുവുവിളക്കുകളുടെ വൈദ്യുതചാർജ്ജിനത്തിലെ ചെലവ് നിയന്ത്രിക്കാനും, കൂടുതൽ വൈദ്യുതി ഉപഭോഗം വരുന്ന 40w ഓർഡിനറി ബൾബുകൾ മാറ്റി CF വിളക്കുകൾ പിടിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള തുക കെ.എസ്.ഇ.ബി-ൽ പഞ്ചായത്ത് അടച്ചിട്ടുണ്ടെങ്കിലും, നാളിതുവരെ ആയത് സ്ഥാപിക്കപ്പെട്ടിട്ടില്ല എന്ന വസ്തുതയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,15,000 | ശാരീരികമാനസിക വെല്ലുവിളി നേരിട്ടുവന്നവർക്ക് സ്കോളർഷിപ്പ് | 1,15,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,24,635 | | 1,24,635 | 0 |

2015-16 വർഷം സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച വിഹിതം മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ 2008-09 വർഷം മുതൽ വിവിധ സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകളിൽ ഇനിയും ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകകൾ താഴെപ്പറയുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുക |
|---|---|---|
| ശുചിത്വമിഷൻ | സമ്പൂർണ്ണ ശുചിത്വം | 3,15,000 |

| | | |
|---|---|---|
| സി.ഡി.പി.ഒ | പൂരക പോഷകാഹാരം (കേന്ദ്രവിഹിതം) | 18,904 |
| മൃഗസംരക്ഷണ വകുപ്പ് | | 2,916 |

ഈ തുകകൾ ചെലവഴിക്കുകയോ, അല്ലാത്തപക്ഷം അതത് ഏജൻസികൾക്ക് തിരികെ നല്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പ്രൊ.നം. 017/16 വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 912/15-16 dtd.28.7.15 212/15-16 dtd.28.10.15 213/15-16 dtd.28.10.15 | 48,119 | 48,119 | 0 |
| KSEB | പ്രൊ.നം. 124/16 തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 919/15-16 26.3.16 | 4,50,000 | 0 | 4,50,000 |
| KSEB | പ്രൊ.നം. 126/16 പല്ലിക്കുന്ന് റോഡിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 769/15-16 5.3.16 | 2,92,170 | 2,92,170 | 0 |
| KWA | പ്രൊ.നം.128/16 തവളപ്പാറ അങ്കണവാടിയിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 829/15-16 11.3.16 | 1,40,000 | 0 | 1,40,000 |
| | പ്രൊ.നം. 127/16 മില്ലപടി വട്ടേക്കാടൻ റോഡിൽ കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 951/15-16 30.3.16 | 1,00,000 | 0 | 1,00,000 |
| | പ്രൊ.നം. 152/16 വടക്കുംഭാഗം പട്ടികജാതിക്കോളനിയിലേക്ക് കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ | 922/15-16 26.3.16 | 1,60,000 | 0 | 1,60,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവനപദ്ധതി | 530/2010 തീ. 18.02.2010 | 81,82,500 | 40,23,825 | 8,18,250 | -- | 32,05,575 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1625/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-10 | 1625 | ഡോ. സുമില പി. ജോർജ് വെറ്ററിനറി സർജൻ | 11502103548 തീയതി. 23.03.2016 |
| | ആകെ | 1625/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2000-01 | അദ്ധ്യായംIV-<br>7-57(a)<br>7-57(b)<br>7-57(c)<br>7-57(d) | വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,96,41,774 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,46,95,656 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2,074 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8,900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,13,364 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1037 | | ടി.എസ്.ബെനഡിക്ട് ആന്റണി, സെക്രട്ടറി |
| | 1037 | | രാധാകൃഷ്ണൻ കെ.പി, സെക്രട്ടറി |
| 3-2 | | 8900 | രാധാകൃഷ്ണൻ കെ.പി, സെക്രട്ടറി |
| ആകെ | 2074 | 8900 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4,50,000 | രാധാകൃഷ്ണൻ കെ.പി, സെക്രട്ടറി |
| 3-4 | 2,66,169 | ഡോ.സിമുല്ല പി.ജോർജ് വെറ്ററിനറി സർജ്ജൻ |
| 3-5 | 2,97,195 | സി.സി ലിസ്സി അസി.എൻജിനീയർ |
| ആകെ | 10,13,364 | |

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | | |
|---|---|---|---|
| 3-3 | 957 | ആദായനികുതി | ഡോ. സലിമ അബ്ദുൾ സലാം, മെഡിക്കൽ ഓഫീസർ ,പിഎച്ച്സി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.എസ്.ബെനഡിക്ട് ആന്റണി, സെക്രട്ടറി | സെക്രട്ടറി<br>തളിക്കുളം<br>ഗ്രാമപഞ്ചായത്ത് | വടുതല പി.ഒ<br>എറണാകുളം ജില്ല |
| രാധാകൃഷ്ണൻ കെ.പി, സെക്രട്ടറി | സെക്രട്ടറി<br>മഞ്ഞപ്ര<br>ഗ്രാമപഞ്ചായത്ത് | പാറക്കടവ്<br>എറണാകുളം ജില്ല |
| ഡോ.സിമുല്യ പി.ജോർജ്<br>വെറ്ററിനറി സർജ്ജൻ | - | പറത്തനാട്ട്(H)<br>കാണിനാട് പി.ഒ<br>എറണാകുളം ജില്ല |
| സി.സി ലിസ്സി<br>അസി.എൻജിനീയർ | വിരമിച്ചു | കളപ്പുരയ്ക്കൽ<br>ഇരിങ്ങോൾ,പെരുമ്പാവൂർ |
| ഡോ. സലിമ അബ്ദുൾ സലാം, മെഡിക്കൽ ഓഫീസർ ,പിഎച്ച്സി | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | പുത്തൻപീടികയിൽ<br>കല്ലുങ്കൽ ലയിൻ<br>ഈസ്റ്റ് ആലുവ-683101 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 - 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |
| 2000-01 | എൽ.എഫ്.ഇ.(പി4)441/05 - 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 – 20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 - 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |

| | |
|---|---|
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 - 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 - 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 - 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ് .എ ഇ.കെ.എം (പി4 എ) 1001/2016 27.06.2016 |

തീർപ്പാക്കാനുള്ള റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(പി.4)2204/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി : 24.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 ,കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം

ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

.

## APPENDIX – I

## AUDIT CERTIFICATE

.

| | |
|---|---|
| No.KSA-EKM(P3)2204/2016 | Kerala State Audit Department<br>District Audit Office, Ernakulam<br>Civil Station, Kakkanad – 682030<br>Phone : 0484 - 2422271<br>e-mail :doekm.ksad@kerala.gov.in |
| | Date : 24.12.2016 |

.

Certified that I have audited the Annual Financial Statement of **Manjappra** Grama Panchayat in Ernakulam District for the financial year ended on **31.03.2016** in accordance with Section 4 of the Kerala

Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of **Manjappra** Grama Panchayat for the financial year **2015-16** except the observations in my audit report properly presents the picture of income and expenditure.

.

Deputy Director (H.G)